# കര്‍ത്താവേ ഇവര്‍ ചെയ്യുന്നത്....

**മതങ്ങളുടെയെല്ലാം** ലക്ഷ്യം മനുഷ്യന്‍ നന്നാവുകയാണ്. ആ നിലക്ക് എല്ലാ മതങ്ങളും സഹോദരങ്ങളാകുന്നു. ഇസ്‌ലാംമതത്തിന്റെ ജ്യേഷ്ഠ സഹോദരനാണ് ക്രിസ്തുമതം. രണ്ടു മതങ്ങളും തമ്മില്‍ ആചാരങ്ങളിലും വിശ്വാസങ്ങളിലും വ്യത്യാസങ്ങളുണ്ട്. അതോടൊപ്പം ദൈവത്തിന്റെ ഏകത്വം, പ്രവാചകത്വം, പരലോകം തുടങ്ങിയ ചില മൗലികാശയങ്ങള്‍ രണ്ടു മതങ്ങളും പങ്കുവെക്കുന്നു. മുഹമ്മദ് നബിയെ ക്രൈസ്തവര്‍ പരിശുദ്ധ ദൈവദൂതനായി അംഗീകരിക്കുന്നില്ലെങ്കിലും മുസ്‌ലിംകള്‍ ഈസാ മസീഹിനെ (യേശു മിശിഹ) പരിശുദ്ധ പ്രവാചകനായി വിശ്വസിക്കുകയും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. യേശുവിനെ ആക്ഷേപിക്കുകയോ അവഹേളിക്കുകയോ ചെയ്യുന്ന യാതൊന്നും മുസ്‌ലിം സമുദായത്തില്‍നിന്ന് ഇന്നോളം ഉണ്ടായിട്ടില്ല. 'അലൈഹിസ്സലാം' (അദ്ദേഹത്തിനു ദൈവം ശാന്തിയരുളട്ടെ) എന്നു പ്രാര്‍ഥിച്ചുകൊണ്ടേ മുസ്‌ലിംകള്‍ യേശുവിന്റെ പേരുച്ചരിക്കുകയോ കേള്‍ക്കുകയോ ചെയ്യാറുള്ളൂ.

ഇസ്‌ലാമിന്റെ ആദ്യനാളുകളില്‍ സ്നേഹോഷ്മളമായ ബന്ധമുണ്ടായിരുന്നു ഇസ്‌ലാമും ക്രിസ്തുമതവും തമ്മില്‍. വിശുദ്ധ ഖുര്‍ആന്‍ അതേപ്പറ്റി പ്രവാചകനെ ഉണര്‍ത്തി: "ഞങ്ങള്‍ നസ്രാനികളാകുന്നു എന്നു പറയുന്നവരെ സത്യവിശ്വാസികളോട് ഉറ്റ മൈത്രിയുള്ളവരായി നിനക്കു കാണാം. അവരില്‍ ദൈവഭക്തരായ ജ്ഞാനികളും ഭൗതിക സുഖങ്ങളില്‍ വിരക്തരായ പുരോഹിതന്മാരും ഉണ്ട് എന്നതും അവര്‍ ഗര്‍വിഷ്ഠരാകുന്നില്ല എന്നതുമാണതിനു കാരണം" (5:82). ഖുറൈശികളുടെ മര്‍ദനം സഹിക്കാനാവാതെ മക്കയില്‍നിന്ന് പലായനം ചെയ്ത വിശ്വാസികളുടെ ആദ്യ സംഘത്തിന് അഭയം നല്‍കിയത് എത്യോപ്യയിലെ ക്രൈസ്തവ രാജാവാണ്. മദീന സന്ദര്‍ശിച്ച ക്രൈസ്തവ പുരോഹിത സംഘത്തിന് അവരുടെ മതാചാര പ്രകാരം പ്രാര്‍ഥന നടത്താന്‍ സ്വന്തം പള്ളിയില്‍ പ്രവാചകന്‍ സൗകര്യമൊരുക്കിക്കൊടുത്തു. ചരിത്രത്തിന്റെ തങ്കത്താളുകള്‍ ഉജ്ജ്വലമായ ഇത്തരം ധാരാളം സംഭവങ്ങളാല്‍ നിബിഡമാകുന്നു. പശ്ചിമേഷ്യന്‍– ഉത്തരാഫ്രിക്കന്‍ ഭൂപ്രദേശങ്ങള്‍ റോമാ സാമ്രാജ്യത്തിന്റെ അധിനിവേശത്തില്‍നിന്ന് മോചിപ്പിക്കുന്നതിന്റെ ഭാഗമായി മുസ്‌ലിംകള്‍ക്ക് ക്രൈസ്തവ റോമുമായി ഏറ്റുമുട്ടേണ്ടിവന്നിട്ടുമുണ്ട്. ഈ ഏറ്റുമുട്ടല്‍ ഒരിക്കലും മതവിദ്വേഷപരമായിരുന്നില്ല. റോമില്‍നിന്ന് വിമുക്തമായ ജറുസലേമിലെ പ്രധാന ക്രൈസ്തവ ദേവാലയം രണ്ടാം ഖലീഫ ഉമര്‍ സന്ദര്‍ശിക്കുകയുണ്ടായി. അവിടത്തെ പുരോഹിതന്മാര്‍ ചര്‍ച്ചില്‍ നമസ്കരിച്ചുകൊള്ളാന്‍ ഖലീഫക്ക് നല്‍കിയ അനുവാദം അദ്ദേഹം സ്നേഹപൂര്‍വം നിരസിക്കുകയായിരുന്നു. മുസ്‌ലിംകളുടെ ഖലീഫയായ താന്‍ അവിടെ നമസ്കരിച്ചാല്‍ അതിന്റെ പേരില്‍ പില്‍ക്കാല മുസ്‌ലിംകള്‍ ആ ചര്‍ച്ചില്‍ തങ്ങള്‍ക്ക് അവകാശമുണ്ട് എന്ന് വാദിക്കാനിടയായാലോ എന്ന ആശങ്കയാണ് അദ്ദേഹത്തെ അതിനു പ്രേരിപ്പിച്ചത്. പിന്നീട് നൂറ്റാണ്ടുകള്‍ നീണ്ട കുരിശുയുദ്ധത്തോടെയാണ് മുസ്‌ലിം ക്രൈസ്തവ ബന്ധം മതസ്പര്‍ധയുടെ സ്വഭാവം സ്വീകരിച്ചത്. കുരിശുയുദ്ധം നൂറ്റാണ്ടുകള്‍ക്ക് മുമ്പ് അവസാനിച്ചുവെന്ന് പറയപ്പെടുന്നുവെങ്കിലും പാശ്ചാത്യ ജനതയില്‍ അത് സൃഷ്ടിച്ച മനോഭാവം അഭംഗുരം നിലനില്‍ക്കുകയായിരുന്നു. അത് ഉല്‍പാദിപ്പിച്ചുകൊണ്ടിരിക്കുന്ന വിഷക്കനികള്‍ സമകാലീന ചരിത്രത്തിലും നിരവധിയാണ്. ഇസ്രയേലിന്റെ സംസ്ഥാപനം, യൂറോപ്പില്‍ വ്യാപകമായ ഇസ്‌ലാമോഫോബിയ, പോപ്പ് ബെനഡിക്ടിന്റെ ജര്‍മന്‍ പ്രഭാഷണം, ഇസ്‌ലാമിനെയും പ്രവാചകനെയും അവഹേളിച്ചുകൊണ്ടുള്ള കഥകളുടെയും കാര്‍ട്ടൂണുകളുടെയും പ്രവാഹം, ഇറാഖ്– അഫ്ഗാന്‍ അധിനിവേശം. അങ്ങനെ എത്രയെത്ര ഉദാഹരണങ്ങള്‍. ഇറാഖ്–അഫ്ഗാന്‍ അധിനിവേശ സൈന്യത്തിന് വന്‍ മിഷനറി സംഘങ്ങള്‍ അകമ്പടി സേവിക്കുന്നത് യാദൃഛികമല്ല.

കുരിശുയുദ്ധ ഭൂമിയില്‍ നിന്നകന്നു കിടക്കുന്ന ഇന്ത്യയില്‍, കേരളത്തില്‍ വിശേഷിച്ചും ഈ സ്പര്‍ധയുണ്ടായിരുന്നില്ല. സൗഹാര്‍ദപരമായ സഹവര്‍ത്തിത്വത്തിന്റെയും സംവാദത്തിന്റെയും പാര

മ്പര്യമാണ് ഇവിടെ നിലനിന്നു വന്നിട്ടുള്ളത്. ഇന്ത്യയെപ്പോലുള്ള ബഹുമത രാഷ്ട്രത്തിൽ എല്ലാ മതവിഭാഗങ്ങളും സാഹോദര്യത്തോടെ വർത്തിക്കേണ്ടത് ദേശീയമായ അനിവാര്യതയാണ്. കൂടാതെ ഭൂരിപക്ഷ സമുദായത്തിലെ ചില വിഭാഗങ്ങളിൽ ന്യൂനപക്ഷ മതവിഭാഗങ്ങളോട് അസഹിഷ്ണുത വളർന്നുവരുന്ന സാഹചര്യത്തിൽ ന്യൂനപക്ഷങ്ങൾ ഒന്നിച്ചുനിൽക്കേണ്ടത് എല്ലാവരുടെയും സുരക്ഷിതത്വത്തിന്റെ താൽപര്യമാകുന്നു. ക്രൈസ്തവർ ആക്രമിക്കപ്പെടുമ്പോൾ അതിനെതിരെ ശബ്ദമുയർത്താനും അവരുടെ വേദനയിൽ പങ്കുചേരാനും മുസ്‌ലിം സമുദായം മടിക്കാറില്ല. മുസ്‌ലിം പ്രശ്നങ്ങളിൽ ക്രൈസ്തവ സഹോദരന്മാർ എന്തു നിലപാട് സ്വീകരിക്കുന്നു എന്ന് നോക്കിയല്ല മുസ്‌ലിം സമുദായത്തിന്റെ നിലപാട് രൂപപ്പെടുന്നത്. സത്യത്തിനും നീതിക്കും സാക്ഷികളായി മർദിതന്റെ പക്ഷത്തുനിൽക്കുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന മൂല്യമാണ്.

പാശ്ചാത്യ ലോകത്ത് താണ്ഡവമാടുന്ന ഇസ്‌ലാംവിരോധ വികാരം കുറച്ചുകാലമായി കേരളത്തിലെ ചില ക്രൈസ്തവ വിഭാഗങ്ങളെയും ആവേശിച്ചതിന്റെ ആപത്കരമായ ലക്ഷണങ്ങൾ കണ്ടുവരുന്നു. അടുത്തിടെ കേരളത്തെ പ്രകമ്പനം കൊള്ളിച്ച 'ലൗ ജിഹാദ്' വിവാദത്തിൽ, മുസ്‌ലിംവിരുദ്ധ വികാരത്തിന് തീ പിടിപ്പിക്കാൻ ചില ക്രൈസ്തവ വിഭാഗങ്ങളും അവരുടെ ജിഹ്വകളും സംഘ്പരിവാറിനെ വെല്ലും മട്ടിലാണ് ഉത്സാഹിച്ചത്. അതിൽ പോലീസ് സേനയിലെ കുഞ്ഞാടുകളും കുത്സിതമായി കളിച്ചതായി വ്യക്തമായിരുന്നു. മുഹമ്മദ് നബിയെയും വിശുദ്ധ പത്നിമാരെയും ജുഗുപ്സാവഹമായ രീതിയിൽ ഭർത്സിക്കുന്ന പ്രസിദ്ധീകരണങ്ങൾ മധ്യ കേരളത്തിൽ പ്രചരിപ്പിച്ച കേസിലും പ്രതികൾ ക്രൈസ്തവ പ്രചാരകരാണ്. തെരുവിലെ ഇസ്‌ലാംവിരോധവും നിന്ദയും മിഷനറി മാനേജ്മെന്റിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കു കൂടി പകർന്നതിന്റെ ഞെട്ടിക്കുന്ന ഉദാഹരണമാണ് കഴിഞ്ഞ 24–ാം തീയതി തൊടുപുഴ ന്യൂമാൻസ് കോളേജിലുണ്ടായ ചോദ്യപേപ്പർ വിവാദം. ലൗ ജിഹാദിലെന്നപോലെ, ഈ വിവാദത്തിലും ഹിന്ദു–മുസ്‌ലിം സംഘർഷം വളർത്താനുള്ള ഗൂഢാലോചന മണക്കുന്നുവെന്നത് കൂടുതൽ ഉത്കണ്ഠാജനകമാകുന്നു.

ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ മുസ്‌ലിം സമുദായത്തിൽനിന്ന് പ്രതിഷേധമുയരും, ഉയരണം. പക്ഷേ, സമുദായം പ്രകോപിതരായി ഭ്രാന്തമായ ചെയ്തികളിലേക്കെടുത്ത് ചാടിക്കൂടാ. സമുദായത്തെ പ്രകോപിതരാക്കി രക്തപങ്കിലമായ കലാപം സൃഷ്ടിക്കുകയാണ് തൽപര കക്ഷികളുടെ ലക്ഷ്യം. സംയമനം കൊണ്ടും ബുദ്ധിപൂർവമായ സമീപനം കൊണ്ടും ആ ലക്ഷ്യത്തെ പരാജയപ്പെടുത്തുകയാണ് മുസ്‌ലിംകൾ ചെയ്യേണ്ടത്. അന്തസ്സാര ശൂന്യമായ ആക്ഷേപങ്ങളും ശകാരങ്ങളും ഈ സമുദായം ഏറെ കേട്ടിട്ടുള്ളതാണ്. മിഥ്യകൾക്ക് സത്യത്തിന്റെ മാറ്റ് അണു അളവ് കുറക്കാനാവില്ല. കെട്ടു നാറിയ മനസ്സുകളിൽനിന്ന് ദൃഷ്ടജൽപനങ്ങൾ നിരന്തരം വമിച്ചുകൊണ്ടിരിക്കുമ്പോഴും മുഹമ്മദ് നബി ലോകോത്തര വ്യക്തിത്വമായി വിരാജിക്കുന്നത് അതുകൊണ്ടാണ്. ദുഷ്ട ജനങ്ങളുടെ നിന്ദ സജ്ജനങ്ങളിൽ അദ്ദേഹത്തിന്റെ മഹത്വം വർധിപ്പിക്കുന്നതേയുള്ളൂ.

സ്വന്തം അജഗണത്തിനു പുറത്തുള്ള ആടുകൾ തമ്മിൽ കുത്തി ചോരപ്പുഴയൊഴുക്കുന്നത് കാണാൻ കൊതിക്കുന്ന ഇടയരെ കരുതിയിരിക്കുക. അതുവഴി സ്വന്തം പുൽമേടുകളും അജഗണങ്ങളും സുരക്ഷിതരാകുമെന്ന് അവർ മോഹിക്കുന്നുണ്ടാവാം. അതു പക്ഷേ വ്യാമോഹമാണെന്നാണ് ഇന്ത്യയിലെ സംഭവവികാസങ്ങൾ തെളിയിക്കുന്നത്. ഏതായാലും ആ നിലപാടിൽ നൈതിക ധാർമിക മൂല്യങ്ങൾക്ക് സ്ഥാനമില്ല. മുസ്‌ലിംകളോട് മൈത്രി പുലർത്തുന്ന ക്രൈസ്തവരെ അതിന് പ്രേരിപ്പിക്കുന്ന ചില ഗുണങ്ങൾ ഖുർആൻ സൂചിപ്പിക്കുന്നുണ്ടല്ലോ. ആ ഗുണങ്ങൾ ഇനിയും അസ്തമിച്ചു കഴിഞ്ഞിട്ടില്ലെങ്കിൽ ക്രൈസ്തവ സഹോദരന്മാർ ഒരു പുനരാലോചനക്ക് തയാറാകണം. ഇല്ലെങ്കിൽ എഴുത്തുകാരനായ സക്കറിയയുടെ 'അപ്പോൾ ക്രിസ്തുവിനെ എന്തു ചെയ്യും?' എന്ന ചോദ്യം ഏറെ പ്രസക്തമാകുന്നു. 'കർത്താവേ ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല. ഇവരോട് പൊറുക്കേണമേ.' ■